**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6037** **09-07-2024 - ൽ മറുപടിയ്ക്ക്**

**ഹാൻവീവ്, ഹാന്റെക്സ് എന്നിവയുടെ വിപണന ശൃംഖല മെച്ചപ്പെടുത്തുന്നതിന്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഹാൻടെക്സിന്റെയും ഹാൻഡ് വീവിന്റെയും വിപണന ശൃംഖല മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ ആലോചിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | എല്ലാ ഉത്സവ കാലങ്ങളിലും സ്കൂൾ യൂണിഫോം കാലയളവിലും കൈത്തറി തുണിത്തരങ്ങളുടെ വിപണന സാധ്യത വർദ്ധിപ്പിക്കുന്നതിനായി റിബേറ്റ് നൽകുകയും പ്രത്യേക പ്രദർശന വിപണന മേളകൾ സംഘടിപ്പിക്കുന്നതിനായി സർക്കാർ ഗ്രാന്റ് അനുവദിയ്ക്കുകയും ചെയ്യുന്നുണ്ട്. വിപണന ശൃംഖല മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഷോറൂമുകൾ നവീകരിക്കുന്നതിനും കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിനും ഫണ്ടുകൾ അനുവദിയ്ക്കുന്നുണ്ട്. കൈത്തറി തുണിത്തരങ്ങളുടെ വിപണന സാധ്യത വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ വിപണന ശൃംഖലയായ കെ-ഷോപ്പിയിൽ (K-Shoppe) ഹാന്റക്സിന്റെയും ഹാൻവീവിന്റെയും ഉൽപ്പന്നങ്ങൾ വിതരണത്തിനായി ഉൾപ്പെടുത്തിയിട്ടുണ്ട്. സർക്കാർ സ്ഥാപനങ്ങളിലേക്കും മറ്റ് പൊതു മേഖലാ സ്ഥാപനങ്ങളിലേക്കും സ്റ്റോർ പർച്ചേസ് റൂൾസ് പ്രകാരം ടെണ്ടർ നടപടി ക്രമങ്ങൾ ഇല്ലാതെ ഹാൻവീവിന്റെയും ഹാന്റക്സിന്റെയും ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനുള്ള അനുമതി സർക്കാർ വർഷാവർഷങ്ങളിൽ നൽകുന്നുണ്ട്. |
| (ബി) | തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന ഹാൻവീവ്, ഹാന്റെക്സ് സ്ഥാപനങ്ങളുടെ വിവരം നൽകുമോ? | (ബി) | തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര, എം. ജി റോഡ്, ആറ്റിങ്ങൽ, നെടുമങ്ങാട്, നേമം എന്നീ സ്ഥലങ്ങളിൽ ഹാൻവീവ് ഷോറൂമും, നേമത്ത് ഹാൻവീവിന്റെ റീജിയണൽ ഓഫീസും പ്രവർത്തിയ്ക്കുന്നു.<br><br>പുന്നക്കാട് പ്രൊഡക്ഷൻ സെന്റർ, പെരുമ്പഴുതൂർ വില്ലേജ്, അമരവിള പ്രൊഡക്ഷൻ സെന്റർ, കൊല്ലയിൽ വില്ലേജ്, ചിറയിൻകീഴ് പ്രൊഡക്ഷൻ സെന്റർ, കിഴുവിലം വില്ലേജ്, ബാലരാമപുരം പ്രൊഡക്ഷൻ സെന്റർ, ബാലരാമപുരം, മലൈക്കട പ്രൊഡക്ഷൻ സെന്റർ, മലൈക്കട, മഞ്ചവിളാകം, പെരിങ്ങമ്മല പ്രൊഡക്ഷൻ സെന്റർ, കല്ലിയൂർ |

| | | | |
|---|---|---|---|
| | | | എന്നിവ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിയ്ക്കുന്ന ഹാൻവീവിന്റെ പ്രൊഡക്ഷൻ സെന്ററുകൾ ആണ്.<br><br>കൈത്തറി ഭവൻ ഷോറൂം, ഊറ്റുകുഴിയിലും ഹാന്റക്സ് എക്സ്ക്ലൂസിവ് ഷോറൂം തമ്പാനൂരും, വഴുതക്കാട്, മെഡിക്കൽ കോളേജ്, വർക്കല എന്നീ സ്ഥലങ്ങളിൽ ഹാന്റക്സ് ഷോറൂമും, ഈസ്റ്റ്ഫോർട്ടിൽ ഹാന്റക്സിന്റെ എംപോറിയവും (under maintenance) പ്രവർത്തിക്കുന്നു.<br><br><u>ഹാന്റക്സിനു കീഴിലെ മറ്റു സ്ഥാപനങ്ങൾ</u><br><br>ഹാന്റക്സ് ഹെഡ് ഓഫീസ്, ഹാന്റക്സ് ഗാർമെന്റ് യൂണിറ്റ്, ഹെഡ് ഓഫീസ് വീവറി എന്നിവ ഊറ്റുകുഴിയിൽ പ്രവർത്തിക്കുന്നു. കൂടാതെ, പാപ്പനംകോട്, ബാലരാമപുരം എന്നിവിടങ്ങളിൽ പ്രോസസ്സ് ഹൗസ് പ്രവർത്തിക്കുന്നു.<br><br>ഹാന്റക്സിന്റെ സെൻട്രൽ ഡിപ്പോ, ഊറ്റുകുഴിയിൽ പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ